# പതിനാലാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ 2307
# - 05.02.2018-ന് മറുപടി നൽകേണ്ടത്

**<u>നിയമങ്ങൾക്ക വിരുദ്ധമായി വായ്പ അനുവദിക്കൽ</u>**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. പി.സി.ജോർജ്** | **ശ്രീ. റ്റി.എം.തോമസ് ഐസക്, ധനകാര്യവും കയറും വകുപ്പ മന്ത്രി** |
| എ. | മുൻ സർക്കാരിന്റെ കാലത്ത് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നിയമങ്ങൾക്ക വിരുദ്ധമായി 'ആൻസ് ബേക്കറീസ് ആൻഡ് കൺഫെക്ഷണറി പ്രൈവറ്റ് ലിമിറ്റഡ്, പാല, കോട്ടയം' എന്ന സ്ഥാപനത്തിന് 19 കോടി രൂപയുടെ വായ്പ നൽകിയ കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | 24.03.2015 -ൽ ചേർന്ന കേരളാ ഫിനാൻഷ്യൽ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് യോഗം, ആൻസ് ബേക്കറീസ് ആന്റ് കൺഫെക്ഷണറി (പ്രൈവറ്റ്) ലിമിറ്റഡ്, പാല കോട്ടയം എന്ന സ്ഥാപനത്തിന് നിയമാനുസൃതം 19 കോടി രൂപ വായ്പ അനുവദിച്ചിട്ടുണ്ട്. ടി വായ്പയിൽ 13.50 കോടി രൂപ ടേം ലോണായും 5.50 കോടി രൂപ പ്രവർത്തനമൂലധനമായും ആണ് അനുവദിച്ച് നൽകിയിരിക്കുന്നത്. വായ്പ കൃത്യമായി തിരിച്ചടച്ച കൊണ്ടിരിക്കുന്നതും വായ്പയിൽ നിലവിൽ ഇന്നേ ദിവസം പതിനാറു കോടി തൊണ്ണൂറ്റിയഞ്ച് ലക്ഷത്തിമുപ്പതിനായിരം രൂപ (1695.30 ലക്ഷം രൂപ) ബാക്കി നിൽക്കുന്നതുമാണ്. |
| ബി. | പ്രസ്തുത വായ്പയ്ക്ക് ഈടായി നൽകിയ വസ്തുക്കളുടെ വിലയും മറ്റ് വിശദാംശങ്ങളും വെളിപ്പെടുത്തുമോ; | ടി വായ്പയ്ക്ക് വ്യവസായ സ്ഥാപനത്തിന്റെ പ്രാഥമിക ജാമ്യവും കൂടാതെ സമാന്തര ജാമ്യവും ലഭ്യമാക്കിയിട്ടുണ്ട്. |

| (A) പ്രാഥമിക ജാമ്യം | | |
|---|---|---|
| i) | കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ, മീനച്ചിൽ വില്ലേജിലും വള്ളിച്ചിറ വില്ലേജിലുമായി 1 ഹെക്ടർ 17 ആർസ് 76 സ്ക്വയർ മീറ്റർ സ്ഥലം | 783.00 ലക്ഷം രൂപ |
| ii) | ടി സ്ഥലങ്ങളിൽ സ്ഥിതി ചെയ്യുന്ന ഫാക്ടറി കെട്ടിടങ്ങൾ | 765.97 ലക്ഷം രൂപ |
| iii) | മിഷിനറികളും, മറ്റ് ഉപകരണങ്ങളും | 70.36 ലക്ഷം രൂപ |
| | ആകെ | 1619.33 ലക്ഷം രൂപ |

<table>
<tr><td></td><td></td><td>
<table>
<tr><td colspan="3">(B) സമാന്തര ജാമ്യം</td></tr>
<tr><td>i)</td><td>കോട്ടയം ജില്ലയിൽ, മീനച്ചിൽ താലൂക്കിൽ, മീനച്ചിൽ, ളാലം, വള്ളിച്ചിറ എന്നീ വില്ലേജുകളിലായി 2 ഹെക്ടർ 51 ആർസ് 99 സ്ക്വയർ മീറ്റർ വസ്തു.</td><td>1077.50 ലക്ഷം രൂപ</td></tr>
<tr><td>ii)</td><td>കോട്ടയം ജില്ലയിൽ ചങ്ങനാശ്ശേരി താലൂക്കിൽ വാഴപ്പള്ളി വില്ലേജിൽ 90 സ്ക്വയർ മീറ്റർ സ്ഥലം</td><td>26.40 ലക്ഷം രൂപ</td></tr>
<tr><td>iii)</td><td>മേൽ പറഞ്ഞ i)-ാം നമ്പർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടം</td><td>110.89 ലക്ഷം രൂപ</td></tr>
<tr><td>iv)</td><td>മേൽ പറഞ്ഞ ii)-ാം നമ്പർ സ്ഥലത്ത് സ്ഥിതി ചെയ്യുന്ന കെട്ടിടം</td><td>4.40 ലക്ഷം രൂപ</td></tr>
<tr><td colspan="2">ആകെ</td><td>1219.19 ലക്ഷം രൂപ</td></tr>
<tr><td colspan="2">ആകെ ജാമ്യവസ്തുക്കളുടെ വില<br>(A+B)</td><td>2838.52 ലക്ഷം രൂപ</td></tr>
</table>
</td></tr>
<tr><td>സി</td><td>മതിയായ സെക്യൂരിറ്റി ഇല്ലാതെയാണ് പ്രസ്തുത വായ്പ അനുവദിച്ചത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;</td><td>വായ്പയ്ക്ക് നിയമാനുസൃതം ആവശ്യമായ മതിയായ ജാമ്യം വാങ്ങിയിട്ടുണ്ട്.</td></tr>
<tr><td>ഡി.</td><td>വായ്പയുടെ അനുമതി സംബന്ധിച്ച് വിശദമായ അന്വേഷണം നടത്താൻ തയ്യാറാകുമോ ?</td><td>വായ്പ അനുവദിച്ചതിലും, തിരിച്ചടവിലും യാതൊരു ക്രമക്കേടും ശ്രദ്ധയിൽപ്പെടാത്തതിനാൽ അന്വേഷണത്തിന്റെ ആവശ്യം ഇല്ല. അത്തരം പരാതി ലഭിക്കുന്ന പക്ഷം പരിശോധന നടത്തുന്നതാണ്.</td></tr>
</table>

**സെക്ഷൻ ഓഫീസർ**